# ഈ വിരോധം എന്തിന്?

**മുഹമ്മദ് മക്ബൂബ്**

കേരളീയത്തിൽ (ലക്കം 8, പുസ്തകം 4) വി.എച്ച്. ദിരാർ എഴുതിയ 'പർദ്ദ ശരീരത്തിന്റെ, പാർപ്പിടമല്ല എന്ന ലേഖനമാണ് ഇതെഴുതാൻ പ്രേരിപ്പിച്ചത്. ഇസ്ലാമിനെക്കുറിച്ച് അദ്ദേഹത്തിനുള്ള അജ്ഞത സഹതാപം അർഹിക്കുന്നു.

പാക് പ്രസിഡണ്ടിന്റെ ഭാര്യയും ബേനസീർ ഭൂട്ടോയുമെല്ലാം ലേഖകന് ഇസ്ലാമിന്റെ (അദ്ദേഹം ആഗ്രഹിക്കുന്ന ഇസ്ലാമിന്റെ) മഹനീയ മാതൃകകളാണ്. എന്നാൽ അവരൊന്നും തന്നെ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പർദ്ദയിടാത്തവരുടെ മുഖത്ത് ആസിഡൊഴിക്കണമെന്നു പറയുന്നവരും നിരപരാധികളെ കൊല ചെയ്യുന്ന ഭീകരരും (യാഥാർത്ഥ്യമാണെങ്കിൽ) ഇസ്ലാമിന്റെ പ്രതിനിധികളല്ല. ഇസ്ലാമെന്നാൽ അറേബ്യയിലെ മരുഭൂമിയിൽ പൊട്ടിമുളച്ച കുറെ നാട്ടാചാരങ്ങളുടേയും വിശ്വാസങ്ങളുടേയും സമാഹാരമല്ല. പ്രത്യുത ഇസ്ലാമിക വിശ്വാസ പ്രകാരം മനുഷ്യാരംഭം മുതൽ ലക്ഷക്കണക്കിന് പ്രവാചകന്മാർ ജനങ്ങൾക്ക് പ്രബോധനം ചെയ്ത ജീവിത വ്യവസ്ഥയാണ്. അന്ത്യപ്രവാചകനായ മുഹമ്മദി(ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ)ലൂടെയാണ് അത് പൂർത്തീകരിക്കപ്പെട്ടത് എന്നു മാത്രം.

പർദ്ദ എന്ന പ്രത്യേക വസ്ത്രം ഒരു പക്ഷെ ഒരു നാട്ടിലെ ചുറ്റുപാടുകളുമായി ബന്ധപ്പെട്ടതായിരിക്കാം. പക്ഷെ പർദ്ദകൊണ്ടുദ്ദേശിക്കുന്നത് പൊടിയിൽ നിന്നും കാറ്റിൽ നിന്നും രക്ഷിക്കാൻ മാത്രമല്ല. ഇസ്ലാമിക വിശ്വാസ പ്രകാരം സ്ത്രീകളുടെ മുൻകൈയ്യും മുഖവും ഒഴികെയുള്ള ശരീരഭാഗങ്ങളെല്ലാം മാന്യമായ വസ്ത്രധാരണത്തിലൂടെ മറയ്ക്കപ്പെടേണ്ടതാണ്. എന്നാൽ അങ്ങനെ ചെയ്യാത്തവരുടെയെല്ലാം മുഖത്ത് ആസിഡൊഴിക്കണമെന്ന് ഇസ്ലാമിൽ എവിടേയും ശാസനയില്ല. സ്വമനസ്സാലെ ഇസ്ലാമിൽ വിശ്വസിക്കുന്ന ഒരു സ്ത്രീക്ക് അതൊരു ഭാരമായോ ചങ്ങലക്കെട്ടായോ തോന്നുകയില്ല. ലേഖകൻ തന്നെ സമ്മതിക്കുന്നപോലെ മറ്റു മതവിഭാഗങ്ങളിലും

ഇ ഇ … പോ
ലു ള … വസ്ത്ര
ധാ ര … ണരീ
ത 1 … ക ൾ
നില … വില്ല

> **കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച പർദ്ദ സ്ത്രീശരീരത്തിന്റെ പാർപ്പിടമല്ല എന്ന ലേഖനത്തോടുള്ള പ്രതികരണമായി ധാരാളം കത്തുകൾ ലഭിച്ചിട്ടുണ്ട്. അവയിലൊന്ന് ഈ ലക്കത്തിൽ**

ണ്ട് എന്നും അതൊന്നും അവരുടെ സ്വാതന്ത്ര്യത്തിന് വിഘാതമല്ലെന്നുമിരിക്കെ മുസ്ലീം സ്ത്രീയുടെ കാര്യത്തിൽ മാത്രം അതെങ്ങനെയാണ് ആശങ്കക്ക് വക നൽകുന്നത്? എങ്ങനെയാണ് ഒരു പ്രത്യേക വസ്ത്രധാരണ രീതി തിരഞ്ഞെടുക്കുന്നതിലൂടെ ഒരാളുടെ സ്വാതന്ത്ര്യം അടിയറവെക്കേണ്ടിവരിക? പർദ്ദ നിർബന്ധമായ ഇറാൻ പോലുള്ള മുസ്ലീം രാജ്യങ്ങളിലേക്ക് നോക്കുക. സ്ത്രീകൾ ചെന്നെത്താത്ത ഒരു മേഖലയും അവിടെ കാണുക സാധ്യമല്ല. ഇസ്ലാം ഒരിക്കലും സ്ത്രീയെ രണ്ടാംനിരക്കാരിയായോ പുരുഷന്റെ അടിമയായോ കണക്കാക്കുന്നില്ല. ഭരിക്കപ്പെടുന്നവൾ എന്നർത്ഥമുള്ള ഭാര്യ എന്ന പദം പോലും ഇസ്ലാമിലില്ല. പകരം ഇണ എന്നാണ് ഖുറാനിൽ ഉപയോഗിച്ചിട്ടുള്ളത്. പെൺകുട്ടികൾക്ക് ജീവിക്കാൻ അർഹതയില്ലെന്നും അവർ സമൂഹത്തിന് അപമാനമാണെന്നും ധരിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ഇസ്ലാമിക വിപ്ലവം അവളെ കൈപിടിച്ച് ഉന്നതമായ ഒരു വിതാനത്തിലിരുത്തുന്നത്. ഭൂരിഭാഗം മുസ്ലീം സ്ത്രീകളും ഇന്ന് പർദ്ദ സ്വയം തെരഞ്ഞെടുക്കുന്നവരാണ്. എന്നിട്ടും പർദ്ദയുടെ പിന്നിൽ പുരുഷാധിപത്യവും സ്ത്രീ വിരോധവും ആരോപിക്കുന്നതെന്തിനാണ്? ആസ്വാദനത്തിന്റെ ഉത്തുംഗതകളിൽ മയങ്ങി അവസാനം ഇന്റർനെറ്റിലെ രതിദൃശ്യങ്ങൾക്കു മുന്നിൽ മനോരോഗികളായി കഴിയേണ്ടിവരുന്ന അവസ്ഥ ഇവിടെ സൃഷ്ടിച്ചത് ഇസ്ലാമാണോ? ലേഖകനെപ്പോലുള്ളവർ വാരിപ്പുണരാനാഗ്രഹിക്കുന്ന സംസ്കാരമാണോ?.

ഇസ്ലാമിൽ സ്ത്രീധനം എന്ന സമ്പ്രദായമില്ല. ഇസ്ലാമിലുള്ളത് പുരുഷൻ സ്ത്രീക്ക് നൽകേണ്ട നിർബന്ധമായ 'മഹർ' സംവിധാനമാണ്. നമ്മുടെ നാട്ടിൽ മഹർ നൽകുമെങ്കിലും അതിന്റെ എത്രയോ ഇരട്ടി സ്ത്രീധനം വാങ്ങും എന്ന വസ്തുത നിഷേധിക്കുന്നില്ല. എന്നാൽ ഏതെങ്കിലും ഒരു കൂട്ടർ മതനിയമങ്ങളെ വികലമാക്കുകയോ അവയെ ധിക്കരിക്കുകയോ ചെയ്യുന്നതിന് മതമെങ്ങിനെ ഉത്തരവാദിയാകും?

അവസാനമായി ഒരപേക്ഷ മാത്രം. ഇസ്ലാമിനെക്കുറിച്ച് അറിയണമെങ്കിൽ അതിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനിലേക്കും പ്രവാചകചര്യയിലേക്കും തിരിയുക. ഇസ്ലാം വിരോധികളായ ആളുകളിൽ നിന്നോ മുസ്ലീം നാമധാരികളായ ആളുകളുടെ പ്രവർത്തനങ്ങളിൽ നിന്നോ ഇസ്ലാമിനെക്കുറിച്ച് അഭിപ്രായം രൂപീകരിച്ചാലുണ്ടാകുന്ന അവസ്ഥയ്ക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ദിരാറിന്റെ അനുഭവം.